പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3400

09.04.2013-ൽ മറുപടി നൽകേണ്ടത്

## കൊല്ലം ജില്ലയിൽ 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) 'ഭൂരഹിതരില്ലാത്ത കേരളം' എന്ന പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ എത്ര ഭൂരഹിതരെയാണ് കണ്ടെത്തിയിട്ടുള്ളത്; | (എ) 15.08.2012- ൽ പ്രസിദ്ധീകരിച്ച ലിസ്റ്റ് പ്രകാരം കൊല്ലം ജില്ലയിൽ 27822 ഭൂരഹിത കുടുംബങ്ങളുണ്ട്. പിന്നീട് അപേക്ഷ സ്വീകരിക്കുന്ന പദ്ധതി 15.02.2013 വരെ ദീർഘിപ്പിച്ചിരുന്നു. ഇതിൻപ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ അന്വേഷണം നടത്തി വരുന്നു. ഇവ കൂടി കഴിഞ്ഞാൽ മാത്രമേ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുള്ളൂ. |
| (ബി) ഇവർക്ക് ഭൂമി നൽകുന്നതിന് എത്ര ഭൂമിയാണു വേണ്ടതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിനാവശ്യമായ ഭൂമി കൊല്ലം ജില്ലയിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ? | (ബി) അർഹരായ ഗുണഭോക്താക്കളുടെ എണ്ണവും ലഭ്യമായ ഭൂമിയുടെ അളവും തിട്ടപ്പെടുത്തിക്കഴിഞ്ഞാൽ മാത്രമേ ഭൂരഹിതർക്ക് നൽകുന്നതിനാവശ്യമായ ഭൂമി ലഭ്യമാണോയെന്നത് പരിശോധിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ